"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതി (2025-26) - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.651/2025/NORKA തീയതി,തിരുവനന്തപുരം, 10-06-2025

പരാമർശം:-
1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.05.2025 തീയതിയിലെ ROOTS/283/2021-AD2 നമ്പർ കത്ത്.
2. 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

നോർക്ക വകുപ്പിന് കീഴിൽ നോർക്ക റൂട്ട്സ് മുഖാന്തിരം വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുക, വിഷമഘട്ടങ്ങളിലുള്ളവർക്ക് കൗൺസെലിംഗ് നടത്തുക, വിദേശത്ത് പോകുന്നവർക്കും പോകാൻ സാധ്യതയുള്ളവർക്കും നിയമാനുസൃതമായി കുടിയേറ്റത്തിനെക്കുറിച്ചും ചൂഷണങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക തുടങ്ങി സർക്കാരും നോർക്ക റൂട്ട്സും നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിവര വ്യാപനം നടത്തുക എന്ന ഉദ്ദേശത്തോടുകൂടി 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതി നടപ്പാക്കി വരുന്നു.

2) 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 1,00,00,000/- (നൂറ് ലക്ഷം രൂപ മാത്രം) രൂപ 2230-01-103-14 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ഭരണാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതിക്കായി 2025-26 സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- (നൂറ് ലക്ഷം രൂപ മാത്രം) രൂപ 2230-01-103-14 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl. No. | Components | Amount (in Lakh) |
|---|---|---|
| 1 | Manpower/Outsourcing/Service charges (24hrs) & Sensitization/orientation training to deployed manpower | 80 |
| 2 | Charges of telephone, SMS, internet, live chat, Toll free facility & Technology improvement | 10 |
| 3 | Administrative cost and other Expenses (Purchase, Stationery, Office equipments | 1.65 |

| | | |
|---|---|---|
| | etc.) | |
| 4 | Publicity | 8.35 |
| TOTAL | | 100 |

4) ടി പദ്ധതി നടത്തിപ്പിന് പ്രസക്തമായ എല്ലാ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായും പാലിക്കുന്നുണ്ടെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, ഭരണാനുമതി ലഭിച്ചതിൻ പ്രകാരമുള്ള തുക ചെലവഴിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ 2024-25 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റിപ്പോർട്ട് (Utilization Certificate) കൂടി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും (സി.പി.എം.യു.) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 11-06-2025 09:39:34